LIBRARY ARCHIVES Kerala Legislative Assembly

ഹരിപ്പാട് മണ്ഡലത്തിലെ ഹാർബർ എഞ്ചിനീയറിംഗ് പ്രവൃത്തികൾ

243(549) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന ഹരിപ്പാട് മണ്ഡലത്തിൽ ഇപ്പോൾ നടന്നുവരുന്ന റോഡ് നിർമ്മാണ പ്രവൃത്തികളുടെ നിർവ്വഹണം, പുരോഗതി, ഇനി ടെൻഡർ ചെയ്യാനുള്ള പ്രവൃത്തികൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

വള്ളിക്കുന്ന് മണ്ഡലത്തിലെ തീരദേശ റോഡുകൾ

244 (550) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ തീരദേശ റോഡുകൾ നവീകരിക്കുന്നതിന് നടപ്പ് സാമ്പത്തിക വർഷം ഫണ്ട് വകയിരുത്തിയിട്ടുണ്ടോ?

കേരളത്തിലെ തീരദേശ റോഡുകൾ നവീകരിക്കുന്നതിന് നടപ്പ് സാമ്പത്തിക വർഷം ആകെ 80 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. നിയോജക മണ്ഡലങ്ങൾ തിരിച്ച് ഫണ്ട് വകയിരുത്തിയിട്ടില്ല.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ എത്ര തീരദേശ റോഡുകൾ നവീകരിക്കുന്നതിന് പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്; പ്രസ്തുത റോഡുകളുടെ പേര് വിവരങ്ങൾ നൽകാമോ?

നിയമസഭാ സാമാജികർ സമർപ്പിച്ച വിവിധ റോഡുകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ പരിശോധിച്ചുവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.